"ഭരണഭാഷ-മാതൃഭാഷ"


ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 26-04-2021


കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്


## സർക്കുലർ നം 28

അതിതീവ്രമായ കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ മിനിസ്ട്രി ഓഫ് ഹോം അഫയേർസ് ഡെപ്യൂട്ടി സെക്രട്ടറിയുടെ ഇ -മെയിൽ സന്ദേശത്തിൽ തടവുകാർക്കും ഉദ്യോഗസ്ഥർക്കും ഇടയിൽ രോഗം പകരാതിരിക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി കത്തിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നു എന്ന് എല്ലാ സ്ഥാപന മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്. ടി ഇ -മെയിൽ സന്ദേശത്തിൻറെ പകർപ്പ് നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

1. ജയിലുകളിലെ കോവിഡ് വ്യാപനത്തിൻ്റെ സ്വാഭാവം കൃത്യമായി നിരീക്ഷിക്കുകയും മാസ്ക്, കൈ ശുചിയാക്കൽ , വ്യക്തിപരമായ അകലം സൂക്ഷിക്കൽ എന്നിവ കഴിയാവുന്നിടത്തോളം നടപ്പാക്കാൻ ശ്രദ്ധിക്കുകയും വേണം. 2020 മാർച്ച് 12 ലേയും, മെയ് 2 ലേയും ഇത് സംബന്ധിച്ച കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻ്റെ നിർദേശങ്ങൾ തുടർന്നും കൃത്യമായി നടപ്പാക്കേണ്ടതും അന്തേവാസികളുടെ കോവിഡ് കാലത്തെ SOP സംബന്ധിച്ച് മെയ് 2 ലെ ഉത്തരവിനോടൊപ്പമുള്ള ( അനക്സ് Z ) വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്ത് പ്രയോജനപ്പെടുത്തേണ്ടതാണ്.

2. ടെസ്റ്റ്- ട്രാക്ക് -ട്രീറ്റ്മെൻ്റ് പ്രോട്ടോക്കോൾ സ്വീകരിക്കുകയും പോസിറ്റീവ് കേസുകൾ കൃത്യമായും ഐസോലേറ്റ് ചെയ്ത് ചികിത്സിക്കുകയും ജയിലിൽ പ്രവേശിക്കുമ്പോഴും പിന്നീടും ഇടവിട്ട് പരിശോധന തുടരുകയും ചെയ്യേണ്ടതാണ്.

3.ജയിലിൽ പ്രവേശിപ്പിക്കുന്ന എല്ലാ അന്തേവാസികൾക്കും താപ പരിശോധനയും കോവിഡ് ലക്ഷണങ്ങളുടെ നിരീക്ഷണവും നടത്തേണ്ടതും ഇതിനായി സ്ഥിരം സംവിധാനവും സ്പെഷ്യൽ ടീമിനേയും തയ്യാറാക്കേണ്ടതുമാണ്.

4.ജയിലിൽ പ്രവേശിപ്പിക്കുന്ന എല്ലാ അന്തേവാസികളേയും പനി, ശ്വാസകോശ രോഗ സംബന്ധമായ ലക്ഷണങ്ങൾ ഒപ്പം മറ്റ് ഏതെങ്കിലും രോഗങ്ങൾ എന്നിയുണ്ടോ എന്ന് വിശദമായി നിരീക്ഷിച്ച് ഉറപ്പ് വരുത്തേണ്ടതും അപ്രകാരം ഉള്ളവർക്ക് ക്വാറൻറൈൻ സംവിധാനം ഏർപ്പെടുത്തി മെഡിക്കൽ ഐസോലേഷൻ സാധ്യമാകുന്ന അളവിൽ നൽകേണ്ടതുമാണ്.

5. 60 വയസ്സിന് മുകളിൽ പ്രായമുള്ള അന്തേവാസികൾക്ക് കൃത്യമായ ആരോഗ്യ പരിശോധനകൾ നിശ്ചയിച്ച ഇടവേളകളിൽ നടത്തേണ്ടതും മറ്റ് രോഗങ്ങൾ ഉണ്ടെങ്കിൽ താപ നില , ഓക്സിജൻ അളവ് എന്നിവ എല്ലാ ദിവസവും നിരീക്ഷിക്കേണ്ടതുമാണ്. ഇത്തരം ആൾക്കാർക്ക് കഴിയുമെങ്കിൽ പ്രത്യേകം വാർഡ്/ സെല്ല് ഏർപ്പെടുത്തേണ്ടതാണ്.

6. വ്യക്തിപരമായ അകലവും ശുചിത്വവും പാലിക്കേണ്ടത് സംബന്ധിച്ചും കോവിഡ് - 19 ൻ്റെ ലക്ഷണങ്ങൾ സംബന്ധിച്ചും എല്ലാ അന്തേവാസികളേയും ബോധവൽകരിക്കേണ്ടതാണ്.

7. സർക്കാർ ആരോഗ്യ സംവിധാനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് രോഗമുള്ള അന്തേവാസികളെ ഏത് സ്റ്റേജ് വരെ ജയിലിൽ ശുശ്രൂഷിക്കാമെന്നും ഏത് സമയം സർക്കാർ നിയന്ത്രണത്തിലുള്ള കോവിഡ് ചികിത്സാലയത്തിലേയ്ക്ക് മാറ്റണമെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

8. ജയിലിനുള്ളിൽ കൂട്ടം കൂടാനുള്ള ഒരു സാഹചര്യവും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതും വ്യക്തിപരമായ അകലം പാലിക്കുന്നതിന് നിരന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

9. പ്രത്യേക വ്യാക്സിനേഷൻ ക്യാമ്പുകൾ ജയിലിനുള്ളിൽ സംഘടിപ്പിച്ച് അർഹരായ എല്ലാ അന്തേവാസികൾക്കും കുത്തി വയ്പ്പ് നടത്തേണ്ടതാണ്.

10. ജയിലിനുള്ളിലെ വാർഡുകളും പൊതുവായ സ്ഥലങ്ങളും എല്ലാ ദിവസവുമുള്ള സാനിറ്റേഷൻ, ക്ലീനിംഗ്, ഡിസ് ഇൻഫക്ഷൻ എന്നിവയ്ക്ക് വിധേയമാക്കേണ്ടതാണ്.

11. ജയിൽ അന്തേവാസികളുടെ കോടതി ഹാജരാക്കൽ വിഡിയോകോൺഫറൻസിംഗ് മുഖേന നടത്തേണ്ടതും പുറത്തേയ്ക്കുള്ള യാത്രകൾ പരമാവധി നിയന്ത്രിക്കേണ്ടതുമാണ്. ഡ്യൂട്ടിയ്ക്ക് എത്തുന്ന ജീവനക്കാർ എല്ലാ മുൻകരുതലുകളും സ്വീകരിക്കേണ്ടതും ഡ്യൂട്ടിയിൽ ഇല്ലാത്ത സമയത്ത് പൊതു ഇടപെടലുകളും സ്വകാര്യയാത്രകളും ഒഴിവാക്കേണ്ടതുമാണ്.

12. അന്തേവാസികൾക്ക് അവരുടെ സന്ദർശകരുമായി ഫോൺ , വീഡിയോ കോൾ, വീഡിയോ കോൺഫറൻസിംഗ്, ഈ- മുലാകാത്ത് എന്നിവ വഴി ബന്ധപ്പെടാൻ അനുവദിക്കേണ്ടതും നേരിട്ടുള്ള ഇൻ്റർവ്യൂ നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1) ഡി.ഐ.ജി. ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല
2)എല്ലാ സ്ഥാപന മേധാവികൾക്കും

G5-9972/2021/PrHQ

b94126